പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2149 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |

## <u>ഭക്ഷ്യസുരക്ഷാ പദ്ധതി</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന പേരിലുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കാമോ; | എ)<br>&<br>ബി) | സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെപ്പറയുന്നു.<br>1. <u>സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപ്പഞ്ചായത്ത്.</u><br>കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രസ്തുത പദ്ധതി 2016-17ൽ 100 ഗ്രാമപഞ്ചായത്തുകളിലും, 2017-18 സാമ്പത്തിക വർഷം 50 ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 120 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നടപ്പാക്കുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്.<br>➢ ഗ്രാമപഞ്ചായത്തുകളിലെ ഭക്ഷണ ഉല്പാദന, വിതരണവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഭക്ഷ്യഗുണനിലവാര [illegible] തരത്തിലുള്ള ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ ഉറപ്പാക്കുക.<br>➢ ഗ്രാമപഞ്ചായത്തുകളിലെ പൊതുടാപ്പുകളിലേക്കും പൊതുകിണറുകളിലേക്കും വെള്ളത്തിന്റെ ഗുണനിലവാരം ലാബുകളിൽ പരിശോധിച്ചു ഉറപ്പുവരുത്തുക |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; ഈ പദ്ധതിയുടെ നടത്തിപ്പിന് ഏതെല്ലാം വകുപ്പുകളുടെ സഹകരണമാണുള്ളത് എന്ന് വിശദീകരിക്കാമോ; | | |

- സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, കാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുക
- ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട, വൻകിട ഭക്ഷ്യ വ്യാപാരികൾ, ഹോട്ടലുകൾ കാന്റീനുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി ജീവനക്കാർ, റസിഡന്റ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ രീതികളെ കുറിച്ച് വിദഗ്ദ്ധ ക്ലാസ്സുകൾ എടുക്കുക.
- സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണം സുരക്ഷിതവും ആരോഗ്യകരവുമാക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകളിലെ എല്ലാ സ്കൂളുകളും സന്ദർശിച്ചു ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകുക.
- സുരക്ഷിതവും ആരോഗ്യപ്രദാനവുമായ മത്സ്യം ലഭിക്കുന്നതിനു വേണ്ടി ഇത്തരം ഗ്രാമപഞ്ചായത്തുകളിൽ ഓപ്പറേഷൻ സാഗർറാണി പൂർണ്ണമായ രീതിയിൽ നടപ്പാക്കുക.
- അറവുശാലകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പാക്കുക.
- കൃഷിവകുപ്പിന്റെ സഹായത്തോടുകൂടി ഓർഗാനിക്ക് ഫാമിംഗ് ഇത്തരം ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുക.

**2. <u>SNF@ School</u> പദ്ധതി.**

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനു വേണ്ടി കേരള

സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

ഈ പദ്ധതി പ്രകാരം ഓരോ നിയമസഭാ നിയോജക മണ്ഡലത്തിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 8,9,11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികൾ എന്തൊക്കെയാണെന്നും അതുവഴി ജീവിത ശൈലീരോഗങ്ങളെ എങ്ങനെ ചെറുത്ത് ആരോഗ്യകരമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാം എന്ന ലക്ഷ്യത്തെ കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആരോഗ്യമുള്ള കുട്ടികൾ ഈ നാടിന്റെ സമ്പത്താണ്. താഴെ പറയുന്ന കാര്യങ്ങളാണ് ഈ പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

- സെമിനാർ ക്ലാസ്സുകൾ
- ബോധവത്ക്കരണ ക്ലാസ്സുകൾ
- ഭക്ഷണത്തിലെ മായം കണ്ടുപിടിക്കുന്നതിനുള്ള ലഘുവായ മാർഗ്ഗങ്ങളെകുറിച്ചുള്ള പരിശീലനം
- ഉപന്യാസ മത്സരങ്ങൾ
- പോസ്റ്റർ രചനാ മത്സരങ്ങൾ
- സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന വിഷയത്തെ സംബന്ധിച്ചുള്ള ഡോക്യുമെന്ററി ഫിലിം പ്രദർശനം
- വീടുകളിൽ ആവശ്യമുള്ള പച്ചക്കറികൾ നട്ടുവളർത്തുന്നതിനു ആവശ്യമായ പരിശീലനം
- സ്കൂളുകളിൽ ഫുഡ് സേഫ്റ്റി ക്ലബുകളുടെ രൂപീകരണം
- ഭക്ഷ്യസുരക്ഷാ കർമ്മസേന രൂപീകരിച്ച് അവർക്കു പരിശീലനം നൽകുക

3. <u>ഓപ്പറേഷൻ സാഗർറാണി</u>

മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി' ഇതിന്റെ ഭാഗ

| | | | |
|---|---|---|---|
| | | | മായി സംസ്ഥാനത്തെ മുഴുവൻ മത്സ്യ മാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.<br><br>4. <u>ഓപ്പറേഷൻ പനേല</u><br>'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി മായം കലർന്നതാണ് എന്ന് കണ്ടെത്തിയ ശർക്കരകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**5. <u>BHOG</u>**<br>ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ "BHOG" (Blissfull Hygienic Offering to God) എന്ന പദ്ധതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണ്.<br>ഇതിന്റെ അടിസ്ഥാനത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന ആരാധനാലയങ്ങൾക്ക് രജിസ്ട്രേഷൻ/ ലൈസൻസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**6. <u>Clean Street Food Hub</u>**<br>ഇതിന്റെ ഭാഗമായി കേരളത്തിലെ അഞ്ചോ ആറോ കേന്ദ്രങ്ങൾ Clean Street |

| | | | |
|---|---|---|---|
| | | | Food Hub -കളായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങളെ ആകർഷിക്കത്തക്ക തരത്തിൽ വൃത്തിയുള്ളതും മേൻമയുള്ളതുമായ ഭക്ഷണശാലകൾ സൃഷ്ടിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത് FSSAI നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു |
| സി) | ഇതിന്റെ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രത്യേക സമിതി രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | സി) | നിലവിൽ നിർദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ